**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2996** **12-07-2022 - ൽ മറുപടിയ്ക്ക്**

**കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സാംസ്കാരിക വകുപ്പിന് കീഴിൽ കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. **സാംസ്കാരിക വകുപ്പിൽ നിന്ന് കലാ സാംസ്കാരിക പ്രവർത്തകർക്ക്** ചികിത്സാ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിച്ച് വരുന്നുണ്ട്. വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കാത്തവർക്കാണ് അർഹത. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, ഗവ. ഡോക്ടറുടെ സാക്ഷ്യപത്രം, ചികിത്സാ ചെലവ് സംബന്ധിച്ച ഒറിജിനൽ ബില്ലുകൾ വൗച്ചറുകൾ എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ കുറഞ്ഞ പ്രായപരിധി 50 വയസ്സ് ആണ്. വയസ്സ് തെളിയിക്കുന്നതിന് ആവശ്യമായ രേഖ (ആധാറിന്റെ പകർപ്പ്/എസ്.എ സ്.എൽ.സി സർട്ടിഫിക്കറ്റ്/ സ്കൂൾ അഡ്മിഷൻ എക്സ്ട്രാക്ട്) സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ആവശ്യമായ രേഖകൾ ഹാജരാക്കുന്നവരുടെ അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം യോഗ്യതയ്ക്കനുസരിച്ച് തുക അനുവദിക്കുകയും ചെയ്യുന്നു.<br><br>മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് തുടർച്ചയായി അംശാദായം അടച്ച "Comprehensive Health Insurance Scheme"- ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു.ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ |

| | | | |
|---|---|---|---|
| | | | അസുഖം, കരൾ രോഗം, ശ്വാസകോശസംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ ചികിത്സക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ച് വരുന്നു. ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 9-ാം നമ്പർ ഫാറത്തിലാണ് പൂരിപ്പിച്ച് നൽകേണ്ടത്.<br><br>അവശ സിനിമാ കലാകാരന്മാർക്കും സാങ്കേതികവിദഗ്ധർക്കും തിയേറ്ററിൽനിന്നുള്ള സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുകയിൽ നിന്നും പരമാവധി 25,000/- രൂപ വരെ ചികിത്സാ ധനസഹായമായി ചലച്ചിത്ര അക്കാദമിയിൽ നിന്നും നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട ചലച്ചിത്ര സംഘടനയുടെയോ, പ്രവർത്തിച്ച സിനിമകളുടെ നിർമ്മാതാവിന്റെയോ സംവിധായകന്റെയോ സാക്ഷ്യപത്രം, ആശുപത്രി രേഖകളുടെയും ബില്ലുകളുടെയും പകർപ്പുകൾ, സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡ് എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) | പ്രസ്തുത ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. **സാംസ്കാരിക വകുപ്പിൽ നിന്ന് കലാ സാംസ്കാരിക പ്രവർത്തകർക്ക്** ചികിത്സാ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിച്ച് വരുന്നുണ്ട്. വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കാത്തവർക്കാണ് അർഹത. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, ഗവ. ഡോക്ടറുടെ സാക്ഷ്യപത്രം, ചികിത്സാ ചെലവ് സംബന്ധിച്ച ഒറിജിനൽ ബില്ലുകൾ വൗച്ചറുകൾ എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ കുറഞ്ഞ പ്രായപരിധി 50 വയസ്സ് ആണ്. വയസ്സ് തെളിയിക്കുന്നതിന് ആവശ്യമായ രേഖ (ആധാറിന്റെ പകർപ്പ്/എസ്.എ സ്.എൽ.സി സർട്ടിഫിക്കറ്റ്/ സ്കൂൾ അഡ്മിഷൻ എക്സ്ട്രാക്റ്റ്) സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും |

| | | | | |
|---|---|---|---|---|
| | | | | ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ആവശ്യമായ രേഖകൾ ഹാജരാക്കുന്നവരുടെ അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം യോഗ്യതയ്ക്കനുസരിച്ച് തുക അനുവദിക്കുകയും ചെയ്യുന്നു.<br><br>മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് തുടർച്ചയായി അംശാദായം അടച്ച "Comprehensive Health Insurance Scheme"- ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു.ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശസംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ ചികിത്സക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചു വരുന്നു. ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 9-ാം നമ്പർ ഫാറത്തിലാണ് പൂരിപ്പിച്ച് നൽകേണ്ടത്.<br><br>അവശ സിനിമാ കലാകാരന്മാർക്കും സാങ്കേതികവിദഗ്ധർക്കും തിയേറ്ററിൽനിന്നുള്ള സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുകയിൽ നിന്നും പരമാവധി 25,000/- രൂപ വരെ ചികിത്സാ ധനസഹായമായി ചലച്ചിത്ര അക്കാദമിയിൽ നിന്നും നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട ചലച്ചിത്ര സംഘടനയുടെയോ, പ്രവർത്തിച്ച സിനിമകളുടെ നിർമ്മാതാവിന്റെയോ സംവിധായകന്റെയോ സാക്ഷ്യപത്രം, ആശുപത്രി രേഖകളുടെയും ബില്ലുകളുടെയും പകർപ്പുകൾ, സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡ് എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ